തിരുവനന്തപുരം പബ്ലിക് ലൈബ്രറി

974 [1171] ശ്രീ. കോലിയക്കോട് കൃഷ്ണൻ നായർ:
,, പി. സി. തോമസ് (കടുത്തുരുത്തി):
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിൽ അമൂല്യ ഗ്രന്ഥങ്ങളുടെ സംരക്ഷണത്തിനുവേണ്ടി വാങ്ങിയ എയർ കണ്ടീഷണറുകൾക്കും, മൈക്രോഫിലിം യൂണിറ്റിനുംവേണ്ടി എന്തു തുക ചെലവായി;

(ബി) ഈ ഉപകരണങ്ങൾ വർഷങ്ങളായി പ്രവർത്തനരഹിതമാണെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഈ ഉപകരണങ്ങൾ പ്രവർത്തനരഹിതമായി കിടക്കുന്നത് അന്വേഷിച്ച് ഇതിന് ഏതെങ്കിലും ഉദ്യോഗസ്ഥൻമാർ ഉത്തരവാദികളാണെങ്കിൽ അവരുടെമേൽ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഉത്തരം

(എ) മൈക്രോ ഫിലിം യൂണിറ്റ് വാങ്ങിയതിന് 3,63,797 രൂപ 20 പൈസ ചെലവായി. എയർ കണ്ടീഷണറുകൾക്ക് ചെലവായ തുകയുടെ വിവരം പൊതുമരാമത്തു വകുപ്പിൽനിന്നും ശേഖരിച്ചുവരുന്നു.

(ബി, സി) മൈക്രോ ഫിലിം യൂണിറ്റും എയർ കണ്ടീഷണറുകളും പ്രവർത്തനക്ഷമമാണ്.

തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിലെ അഴിമതികളും ക്രമക്കേടുകളും

975 [1172] ശ്രീ. വി. ജെ തങ്കപ്പൻ:
,, വർക്കല രാധാകൃഷ്ണൻ:
,, വി. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിലെ അഴിമതികളും ക്രമക്കേടുകളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പബ്ലിക് ലൈബ്രറിയിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്നത്തേക്ക് ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ;

(ഇ) അന്വേഷണത്തിന് പൊതു ജനങ്ങളിൽനിന്നും തെളിവെടുപ്പ് നടത്തിയിട്ടുണ്ടോ:

(എഫ്) അല്ലെങ്കിൽ അതിനവസരം ഉണ്ടാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly